ജലവിതരണ പദ്ധതികൾ

28(231) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ എത്ര പ്രവർത്തികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജോലികൾ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ;

(സി) പുതിയ ഏതെല്ലാം പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാട്ടർ അതോറിറ്റി ആരംഭിച്ച പദ്ധതികളും അവയുടെ എസ്റ്റിമേറ്റ് തുകയും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തീയതിയും താഴെകൊടുക്കുന്നു.

	പ്രവർത്തിയുടെ പേര്	എസ്റ്റിമേറ്റ് തുക ലക്ഷത്തിൽ	പ്രവർത്തി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തീയതി
1.	മങ്ങാട് ഹരിജൻ കോളനി ശുദ്ധജലവിതരണ പദ്ധതി (ചെറുങ്ങാട്ടുകാവ്)	13.00	8/2001
2.	തുറശ്ശേരിക്കടവ് (പയ്യോളി)	15.50	3/2001
3.	ഗോപാലപുരം (മൂടാടി)	10.00	3/2001
4.	കുനിപ്രമല (കിഴരിയൂർ)	10.00	12/2001

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പയ്യോളിക്കും മറ്റു സമീപ വില്ലേജുകളായ ചെറുവന്നൂർ, മേപ്പയൂർ, തുറയൂർ, തിക്കോടി ഇരിങ്ങൾ അരിക്കുളം, അത്തോളി, ആടുവന്നൂർ, ചെങ്കോട്ട്കാവ്, ചേമഞ്ചേതി വില്ലേജുകൾക്കും പ്രയോജനം ലഭിക്കാൻ ഒരു ശുദ്ധജല പദ്ധതിയുടെയും കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കുവേണ്ടി ഒരു നഗരശുദ്ധ ജലവിതരണ പദ്ധതിയുടേയും സർവ്വേ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് ഉദ്ദേശിക്കുന്ന സ്രോതസ്സ് കുറ്റിയാടി പുഴയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത പദ്ധതികളുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 2001-ലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടപടികൾ എടുക്കുന്നതാണ്. റിപ്പോർട്ടുകൾ തയ്യാറായശേഷം ഫണ്ട് ലഭിക്കുന്നതനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ

29(232) പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ, വേങ്കോട്, കൂളിമുട്ടം തുടങ്ങിയ ഭാഗങ്ങളിലെ കടൽഭിത്തികളുടെ അറ്റകുറ്റപ്പണികൾ നടത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊടുങ്ങല്ലൂർ, വേങ്കോട്, കൂളിമുട്ടം തുടങ്ങിയ ഭാഗങ്ങളിൽ കാലവർഷത്തോടനുബന്ധിച്ചുണ്ടായ കടലാക്രമണമൂലം നിലവിലുള്ള കടൽഭിത്തികൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കൂടുതൽ നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിലേക്കായി പ്രസ്തുത പ്രദേശങ്ങളിലെ കടൽഭിത്തികൾ അറ്റകുറ്റപ്പണികൾ ചെയ്തു സംരക്ഷിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി അടിയന്തിര പ്രാധാന്യമുള്ള മൂന്ന് പുനഃരുദ്ധാരണപണികൾക്ക് ടെൻഡർ വിളിച്ചിട്ടുണ്ട്. ബാക്കി പ്രദേശങ്ങളിലെ കടൽഭിത്തികളുടെ അറ്റകുറ്റപ്പണികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അവ ഏറ്റെടുത്ത് നടത്തുന്നതാണ്.

കസീസാപാലത്തിന്റെ പണി

30(233) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നഗരത്തിൽ കരിപ്പുഴ കനാലിന് കുറുകെയുള്ള കണീസാപ്പാലം അപകടസ്ഥിതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് കായംകുളം എം.എൽ.എ നൽകിയ നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) പാലം പുതുക്കി പണിയാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly